## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3033.** **07.12.2018 ൽ മറുപടിയ്ക്ക്**

### പാലക്കാട് ജില്ലയിൽ ലഹരിമരുന്ന് വിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ കാലയളവിൽ സ്കൂളുകൾക്ക് സമീപം ലഹരിമരുന്ന് വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | അറസ്റ്റ് ചെയ്തവരുടെ എണ്ണം - 2<br>രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം - 22 |
| (ബി) | തമിഴ്നാട്ടിൽ നിന്നും പാലക്കാട് വഴി കേരളത്തിലേക്ക് ലഹരി പദാർത്ഥങ്ങൾ കടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) | അതിർത്തി പ്രദേശങ്ങളിൽ ടാസ്ക്ഫോഴ്സ്, ബോർഡർ പട്രോളിംഗ്, എന്നീ സംവിധാനങ്ങൾ വഴി കർശന പരിശോധന നടത്തുന്നുണ്ട്. അതിർത്തി ചെക്ക്പോസ്റ്റുകളിൽ ചരക്ക്, യാത്രാവാഹനങ്ങൾ നിരന്തരം പരിശോധന നടത്തി കേസുകൾ കണ്ടെടുത്ത് നടപടി സ്വീകരിച്ചുവരുന്നു |
| (സി) | ലഹരി മരുന്നുകൾ കടത്തുന്ന കേസിൽ പിടിക്കപ്പെടുന്നവർക്ക് എതിരെ ശക്തമായ കേസുകൾ ചുമത്തുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ? | (സി) | ലഹരി മരുന്നുകൾ കടത്തുന്ന കേസുകളിൽ പിടിക്കപ്പെടുന്നവർക്ക് എതിരെ NDPS Act പ്രകാരം കേസുകൾ രജിസ്റ്റർചെയ്ത് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത കേസുകളിലെ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിന് അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതികളിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച് നടപടി സ്വീകരിച്ചുവരുന്നു. NDPS Act ഒരു കേന്ദ്ര നിയമമാണ്. മയക്കു മരുന്നുകൾ ചെറിയ അളവിൽപോലും കൈവശം വച്ച് കൈകാര്യം ചെയ്താൽ അത്തരം കുറ്റകൃത്യം ചെയ്യുന്നവർക്കും പരമാവധി ശിക്ഷ ഉറപ്പാക്കി മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാവുന്നവിധം കേന്ദ്രനിയമമായ 1985 ലെ NDPS Act പരിഷ്കരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**